സർക്കാർ ജീവനക്കാർക്ക് കാസർഗോഡ് ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം

17 [779] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മറ്റു ജില്ലകളിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് പിന്നോക്ക ജില്ല എന്ന പരിഗണനയിൽ കാസർഗോഡ് ജില്ലയിലേക്ക് അവർ ആവശ്യപ്പെടുകയാണെങ്കിൽ അന്തർജില്ലാ സ്ഥലമാറ്റം നൽകാവുന്നതാണ് എന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഈ ഉത്തരവിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

ഉത്തരവ് നിലവിലുണ്ട്. പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. †

മാധ്യമ പ്രവർത്തകർക്കെതിരെ സർക്കാർ ജീവനക്കാരുടെ പ്രതിഷേധം

18 [780] ശ്രീ. കെ. എ. ചന്ദ്രൻ:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. എം. കെ. പോക്കർ മാസ്റ്റർ:
ശ്രീ. വി. രജ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ഓഫീസുകളിലോ, വകുപ്പുമേലദ്ധ്യക്ഷൻമാരുടെ ഓഫീസുകളിലോ, വാർത്തകൾ ശേഖരിക്കുന്നതിന് എത്തുന്ന മാധ്യമ പ്രവർത്തകരെ ഗവൺമെന്റ് ജീവനക്കാർ ദേഹോപദ്രവം ഏൽപ്പിക്കുന്ന സംഭവങ്ങൾ ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എവിടെയെല്ലാം ഉണ്ടായിട്ടുണ്ട്;

(ബി) പി. എസ്. സി. ഓഫീസിലും, അതിന്റെ ജില്ലാ ഓഫീസുകളിലും വിവരമന്വേഷിച്ചെത്തിയ മാധ്യമ പ്രവർത്തകരെ ഈ കാലയളവിൽ ജീവനക്കാർ സംഘം ചേർന്ന് ദേഹോപദ്രവമേൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയെടുത്തു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മൂന്നു സംഭവങ്ങളുണ്ടായിട്ടുണ്ട്:

(1) തിരുവനന്തപുരം പട്ടം പി. എസ്. സി. ആഫീസിലും;
(2) കൊല്ലം ജില്ലാ പി. എസ്. സി. ആഫീസിലും;
(3) തൃശ്ശൂർ വിജിലൻസ് ആഫീസിലും.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly